# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 10, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 129(*401) പട്ടികജാതി –പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദേശ സർവ്വകലാശാലകളിൽ ഉന്നത വിദ്യാഭ്യാസത്തിനയയ്ക്കുന്ന നടപടി

പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ.എം.എ. കുട്ടപ്പൻ) നൽകിയ മറുപടിയിൽ, പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യമാക്കി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു എന്ന് സഭയെ അറിയിച്ചു. ബയോടെക്നോളജി, മാനേജ്മെന്റ് സയൻസ് ഇതര നൂതന ശാസ്ത്ര വിഷയങ്ങൾ ഇവയിൽ ഉന്നത പഠനത്തിലും ഗവേഷണത്തിലും പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മതിയായ അവസരങ്ങളും പ്രോത്സാഹനവും ലക്ഷ്യമാക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന ഒരു സ്ഥാപനം കോഴിക്കോട് ഐ.ഐ.എം.–ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ നടപ്പുവർഷ ചെലവുകൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 2002–2003 വർഷത്തിൽ 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 75 ലക്ഷം രൂപ ഈ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഉടൻതന്നെ അഡ്മിഷൻ ആരംഭിക്കുന്നതാണ്. ഐ.ഐ.എം., ഐ.ഐ.ടി., ആർ.ഇ. സി., ഐ.ഐ.എസ്., സേവേഴ്സ് ലേബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഉൾപ്പെടെയുള്ള ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ പഠനത്തിന് അവസരം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ ചെലവും നൽകുന്നതിനും ഇത്തരത്തിലുള്ള കോഴ്സുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിന് ആവശ്യമായ എൻട്രൻസ് പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

പ്രാദേശികമായി ലഭ്യമായിട്ടുള്ള അംഗീകൃത സ്വകാര്യ സ്ഥാപനങ്ങൾ വഴി കമ്പ്യൂട്ടറിൽ ഉന്നത വിദ്യാഭ്യാസം നൽകുന്നതിനും പദ്ധതി നടപ്പിലാക്കുന്നതാണ്. വിദേശ സർവ്വകലാശാലകളിൽ വിദ്യാഭ്യാസത്തിനുള്ള വായ്പ പദ്ധതി പ്രകാരം വിദേശ സർവ്വകലാശാലകളിൽ ഉന്നത വിദ്യാഭ്യാസത്തിന് വായ്പയും സബ്സിഡിയും ഉൾപ്പെടെ 15 ലക്ഷം രൂപ വരെ ഒരു വിദ്യാർത്ഥിക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നടപ്പുവർഷം മുതൽ നടപ്പിലാക്കുന്നതാണ്. 15 ലക്ഷം രൂപ വായ്പ കൊടുക്കുമ്പോൾ സബ്സിഡിയായി രണ്ടര ലക്ഷം രൂപ അനുവദിക്കുന്നു. ബാക്കി പന്ത്രണ്ടര ലക്ഷം രൂപ ബാങ്കിൽ നിന്നും വായ്പയെടുക്കണം. 20 വിദ്യാർത്ഥികൾക്ക് സബ്സിഡി നൽകുന്നതിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് കമ്പ്യൂട്ടർ സയൻസിൽ പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾ വഴി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിന് സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. 2001-2002 വർഷം മുതൽ 720 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠനത്തിനാവശ്യമായ ചെലവുകൾ വഹിക്കുന്നതിനായി 1.5 ലക്ഷം രൂപവരെ പട്ടികജാതി വികസന വകുപ്പിൽ നിന്നും പലിശരഹിത വായ്പയായി നൽകുന്നതിന് 1998-99 വർഷം മുതൽ പദ്ധതി നിലവിലുണ്ട്. എന്നാൽ അർഹരായ അപേക്ഷകരില്ലാത്തതിനാൽ ഈ ഇനത്തിൽ വായ്പ നൽകിയിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വായ്പയായി സംസ്ഥാനത്തിനുള്ളിൽ 50,000 രൂപയും ഇൻഡ്യയ്ക്കുള്ളിൽ ഒരു ലക്ഷം രൂപ വരെയും വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് 10 ലക്ഷം രൂപ വരെയും അനുവദിച്ചു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 2 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വേണ്ടത്ര അർഹതയുള്ളവർ ഇല്ലാത്തതുകൊണ്ടോ അതിനെക്കുറിച്ച് അറിവില്ലാത്തതുകൊണ്ടോ ആയിരിക്കാം ഇതിന് അപേക്ഷകർ കുറയുന്നത്. അതുകൊണ്ട് ഈ പദ്ധതിയെക്കുറിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം.പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദേശ സർവ്വകലാശാലകളിൽ അയയ്ക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ അംഗീകൃത വിദേശ സർവ്വകലാശാലകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. സിവിൽ സർവ്വീസിന് ഇപ്പോൾതന്നെ ഗവൺമെന്റിന്റെ കീഴിൽ കോച്ചിംഗ് സെന്റർ ഉണ്ട്. അവിടെയുള്ള മിടുക്കരായ വിദ്യാർത്ഥികളെ ഡൽഹിയിൽ കോച്ചിംഗിനു വിടുന്നുമുണ്ട്. ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികളെ സെലക്ട് ചെയ്ത് വിദേശത്ത് അയച്ച് പഠിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 20% സീറ്റും പ്രൊഫഷണൽ കോളേജുകളിൽ 10 % സീറ്റും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ടെങ്കിലും ഗവൺമെന്റ് കോളേജുകൾ സംവരണ തത്വം പാലിക്കുന്നുണ്ട്. സ്വകാര്യ കോളേജുകൾ പാലിക്കുന്നില്ല. സംസ്ഥാനത്തെ സ്വന്തമായി കെട്ടിടമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾക്ക്

അടിയന്തിരമായി ഭൂമി കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

130 (*402) <u>നാഷണൽ ഹൈഡ്രോളജി പ്രോജക്ട്</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം.ജേക്കബ്) നൽകിയ മറുപടിയിൽ, ഭൂഗർഭജലത്തിന്റെയും ഭൂതല ജലത്തിന്റെയും ലഭ്യതയും അളവിന്റെ വ്യതിയാനവും ഗുണമേന്മയും നിരീക്ഷിച്ച് ഒരു ഡാറ്റാബേസ് ഉണ്ടാക്കുകയും അതിലുള്ള ഡാറ്റ അംഗികൃത ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്യുക എന്നതാണ് 1996–97–ൽ ആരംഭിച്ച നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഉദ്ദശലക്ഷ്യങ്ങളെന്ന് സഭയെ അറിയിച്ചു. പദ്ധതിയുടെ ആരംഭത്തിൽ ലോക ബാങ്കിന്റെ എസ്.എ.ആർ പ്രകാരം ആകെ 35,93,34,000 രൂപയാണ് അനുവദിച്ചത്. പക്ഷെ പുതുക്കിയ വകയിരുത്തൽ (മിഡ്റ്റേം റിവ്യൂ) പ്രകാരം 32,78,00,000 രൂപയായി കുറച്ചിരിക്കുകയാണ്. ഈ പദ്ധതി 31–3–2003–ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലാ ആഫീസുകളിലും കമ്പ്യൂട്ടർ, ടെലിഫോൺ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. 440 പീസോമീറ്റർ കിണറുകൾ നിർമ്മിച്ച് 304 ആട്ടോമാറ്റിക് ഡിജിറ്റൽ വാട്ടർ ലവൽ റെക്കോർഡറുകൾ സ്ഥാപിച്ച് ഡാറ്റാ ശേഖരിച്ചുവരുന്നു. കാലാവസ്ഥയും മഴയും അളക്കാൻ 8 ഫുൾ ക്ളൈമാറ്റിക് സ്റ്റേഷനുകൾ സജ്ജമാക്കി ഡാറ്റ ശേഖരിക്കുന്നു. ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടം പണി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഭൂജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ രണ്ട് ലാബുകൾ പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട്ടെ ലാബിന്റെ ഉപകരണങ്ങൾ സജ്ജീകരിച്ചുവരുന്നു. ഇപ്പോഴത്തെ പദ്ധതി എത്രയും വേഗം പൂർത്തിയാക്കാനും തുടർന്ന് ഒരു പുതിയ പ്രോജക്ടുകൂടി ലഭിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഭൂജല വകുപ്പിൽ ഡിജിറ്റൽ വാട്ടർ റെക്കോർഡുകൾ പ്രവർത്തനരഹിതമായിരിക്കുകയാണെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ട് ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുവരികയാണ്. ഭൂഗർഭജലത്തിന്റെ അശാസ്ത്രീയമായ ചൂഷണം തടയുന്നതിനുള്ള ബിൽ ഈ സമ്മേളനത്തിൽതന്നെ പാസ്സാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ പരിധിയിൽ തീരപ്രദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പണമടച്ച് ഗവൺമെന്റിന്റെ മെഷിനറിയെ ആശ്രയിച്ച് കുഴൽ കിണർ കുഴിക്കുന്നതിലെ പോരായ്മ പരിഹരിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്. കുഴൽ കിണർ കുഴിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂഗർഭ തടയണകൾ വ്യാപകമായി കെട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്നും മഴവെള്ളം ഭൂമിയിൽ ശേഖരിച്ചു നിർത്തുന്നതിനെക്കുറിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്താൻ ഡിപ്പാർട്ടുമെന്റ് ശ്രമം നടത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി അറിയിച്ചു.

131(*403) <u>ടൂറിസ്റ്റുകൾക്ക് ആയുർവേദ പ്രകൃതി ചികിത്സാ സൗകര്യങ്ങൾ</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ.കെ.വി. തോമസ്) നൽകിയ മറുപടിയിൽ, ടൂറിസം കേന്ദ്രങ്ങളിലും അനുബന്ധ സ്ഥലങ്ങളിലും പ്രവർത്തിച്ചുവരുന്ന ആയൂർവേദ കേന്ദ്രങ്ങൾ ടൂറിസ്റ്റുകൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രീൻ ലീഫ്, ഒലിവ് ലീഫ് എന്നീ പദവികൾ നൽകി ക്ളാസ്സിഫൈ ചെയ്ത് അംഗീകാരം നൽകുന്ന ഒരു പുതിയ പദ്ധതി നിലവിലുണ്ടെന്ന് സഭയെ അറിയിച്ചു. ഈ പദ്ധതി പ്രകാരം ടൂറിസം ഡയറക്ടർ, ആയൂർവേദ ഡയറക്ടർ, ഗവൺമെന്റ് ആയൂർവേദ കോളേജ് കായ ചികിത്സാ വിഭാഗം പ്രൊഫസർ, കോട്ടയ്ക്കൽ ആയുർവേദ കോളേജ് കായ ചികിത്സാ വിഭാഗം പ്രൊഫസർ, ടൂറിസം വ്യവസായ പ്രതിനിധികൾ എന്നിവർ അടങ്ങുന്ന ഒരു കമ്മിററി അപേക്ഷ സമർപ്പിക്കുന്ന ആയൂർവേദ സെന്ററുകൾ പരിശോധിച്ച് അവയുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നു. ഇങ്ങനെ അംഗീകാരം നൽകുന്ന കേന്ദ്രങ്ങളെക്കുറിച്ച് വെബ്സൈറ്റിലൂടേയും മറ്റ് പ്രസിദ്ധീകരണങ്ങളിലൂടെയും പ്രചരിപ്പിക്കുന്നുണ്ട്. അംഗീകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. ഇത്തരം സെന്ററുകളിൽ മസാജ് ചെയ്യുന്ന ആളുകൾ അറിയപ്പെടുന്ന സ്ഥാപനങ്ങളിൽ ട്രെയിനിംഗും സർട്ടിഫിക്കറ്റും ഉള്ളവരായിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. അംഗീകാരമില്ലാത്ത കേന്ദ്രങ്ങൾ നിയന്ത്രിക്കുന്നതിന് പ്രിസർവേഷൻ ആന്റ് കൺസർവേഷൻ ആക്ട് കൊണ്ടുവരുന്നതിന് ടൂറിസം-ഹെൽത്ത്-ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായി നടപടികൾ സ്വീകരിച്ചുവരികയാണ്. ഇങ്ങനെ അംഗീകാരം കൊടുക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു ഇൻഡസ്ട്രി എന്ന നിലയിലുള്ള എല്ലാ സഹായവും കൊടുക്കുന്നുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ആയുർവേദ കേന്ദ്രങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആയുർവേദ രംഗത്ത് പ്രവർത്തിക്കുന്ന പ്രസിദ്ധമായ സ്ഥാപനങ്ങളിലെ അഷ്ടവൈദ്യൻമാർ ഉൾപ്പെടെയുള്ളവരുമായി കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്. ഹെൽത്ത് ടൂറിസത്തിൽ കേരളത്തോട് മത്സരിക്കുന്നത് ശ്രീലങ്കയും ചൈനയും മലേഷ്യയുമാണ്. ചൈനയ്ക്ക് അവരുടേതായ ചികിത്സാ രീതിയാണ്. ഈ രാജ്യങ്ങളോട് മത്സരിക്കാൻ കാലാവസ്ഥയ്ക്കനുസൃതമായ ആയുർവേദ ചികിത്സാരീതി അനുഭവിക്കാൻ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രചരണ രീതിയാണ് ടൂറിസം ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുള്ളത്. ആയുർവേദ സ്ഥാപനങ്ങളിൽ കായചികിൽസാ കോഴ്സുകൾ കൂടുതൽ നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. എയർ ഇൻഡ്യയുടെ ലോംഗ് ഡിസ്റ്റൻസ് ഫ്ളൈറ്റിലെ യാത്രക്കാർക്ക് വേണ്ടി ആയുർവേദ മസാജ് ചികിത്സ ഏർപ്പെടുത്തുവാൻ കേന്ദ്ര സിവിൽ ഏവിയേഷൻ ഡിപ്പാർട്ടുമെന്റ് സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു..

132 (*404) <u>വാട്ടർ കണക്ഷൻ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഗാർഹിക–ഗാർഹികേതര വാട്ടർ കണക്ഷന് അപേക്ഷ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ശുദ്ധജലത്തിന്റെ ദൗർലഭ്യമാണ് പല കണക്ഷനുകളും നൽകുന്നതിന് തടസ്സമായി നില്ക്കുന്നതെന്നും സഭയെ അറിയിച്ചു. വർക്ക് ഓർഡർ നൽകിക്കഴിഞ്ഞാൽ ഉപഭോക്താക്കൾ പണികൾ തീർക്കാത്തതും റോഡ് വെട്ടി മുറിക്കുന്നതിന് പി. ഡബ്ല്യു. ഡി., കോർപ്പറേഷൻ മുതലായ ഏജൻസികളുടെ അനുമതി ലഭിക്കുന്നതിലുള്ള കാലതാമസവും ഇതിന് കാരണമാണ്. ബഡ്ജറ്റിന്റേയും ഫണ്ടിന്റേയും ലഭ്യതയനുസരിച്ച് നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുമ്പോഴും നവീകരിക്കുമ്പോഴും പുതിയ പദ്ധതികൾ പൂർത്തിയാക്കുമ്പോഴും ആ പദ്ധതികളിൽനിന്നും കൂടുതൽ കണക്ഷനുകൾ നൽകാറുണ്ട്. കൂടാതെ മറ്റ് ഏജൻസികളിൽ നിന്ന് റോഡ് വെട്ടി മുറിക്കാനുള്ള അനുമതി ലഭിക്കാൻ വേണ്ടി അവരുമായി നിരന്തരം ബന്ധപ്പെട്ടും കാലതാമസം ഒഴിവാക്കാൻ നടപടികളെടുക്കുന്നുണ്ട്. ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കണക്ഷനുകൾ നൽകാറുണ്ട്. 1997 മുതലുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകാനുണ്ട്. ഓരോ പദ്ധതിയിലും ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം അനുസരിച്ച് കണക്ഷൻ കൊടുക്കുന്ന സമയത്തിൽ വ്യത്യാസം വരുന്നതാണ്. ഓരോ പദ്ധതിയിലും പരമാവധി കണക്ഷൻ കൊടുക്കുവാൻ നടപടികളെടുക്കുന്നുണ്ട്. ചില പദ്ധതികളിൽ ഉടൻതന്നെ കണക്ഷൻ കൊടുക്കുന്നുണ്ട്. ഒരു പദ്ധതി പൂർത്തിയാകുമ്പോൾ ഫസ്റ്റ് പ്രയോറിറ്റി കൊടുക്കുന്നത് സ്ട്രീറ്റ് ടാപ്പുകൾക്കാണ്. വീടുകളിൽ അനധികൃതമായി സമ്പുകളുണ്ടാക്കി വെള്ളം ശേഖരിച്ചാൽ ഹൗസ് കണക്ഷൻ തന്നെ കട്ട് ചെയ്യാനുള്ള പ്രൊവിഷൻ സ്ട്രിക്ടായി ഇംപ്ലിമെന്റു ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

133(*407) <u>കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കാനുള്ള നടപടി</u>

വിദ്യുച്ഛക്തി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ ഒറ്റ പോയിന്റിൽ സപ്ലൈ നൽകിയിട്ടുള്ള യൂണിവേഴ്സിറ്റികൾ, കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കോളനികൾ, എക്സിബിഷൻ/ഉത്സവം എന്നിവയ്ക്കുള്ള താൽക്കാലിക കണക്ഷനുകൾ, വ്യാവസായിക/ കാർഷിക നിരക്കിൽ നൽകുന്ന വൈദ്യുതി, ആരാധനാലയങ്ങൾ– സർക്കാർ ആശുപത്രികൾ– വിദ്യാഭ്യാസ സ്ഥാപനങ്ങൾ , കേന്ദ്ര/സംസ്ഥാന ഓഫീസുകൾ, സ്വകാര്യ ആശുപത്രികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, റെയിൽവേ, വിമാനത്താവളം, വാണിജ്യ സ്ഥാപനങ്ങൾ,ടെലിഫോൺ എക്സ്ചേഞ്ചുകൾ, ഹോട്ടലുകൾ, സിനിമാ തീയേറ്റർ, സർക്കസ് എന്നിവയ്ക്കും താൽക്കാലിക എക്സ്റ്റൻഷൻ സർവ്വീസുകൾക്കും ഫിക്സഡ് ചാർജ് ഈടാക്കുന്നുണ്ടെന്ന് അറിയിച്ചു.

134(*411) <u>പുഴകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ വെള്ളപ്പൊക്കമുണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. അതിന്റെ ആദ്യ പടിയായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി 20 സ്കീമുകൾ കണ്ടെത്തുകയും പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ അടങ്കൽ തുക 3278.75 ലക്ഷം രൂപയാണ്. കേന്ദ്ര ഗവൺമെന്റിന്റെ എക്സ്പെന്റിച്ചർ ഫിനാൻസ് കമ്മിറ്റി ഈ സ്കീം അംഗീകരിച്ചതായും കേന്ദ്ര ജലവിഭവ മന്ത്രാലയത്തിൽ നിന്നും ഫുൾ പ്ലാനിംഗ് കമ്മീഷനിലേയ്ക്ക് അയച്ചതായും അറിയിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചുകൊണ്ട് കേന്ദ്രത്തിൽ നിന്നും അറിയിപ്പ് ലഭിച്ചാൽ മാത്രമേ ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയുവാൻ കഴിയുകയുള്ളു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

144 (2528) <u>കടൽഭിത്തി നിർമ്മാണം</u>

കടൽക്ഷോഭം കൊണ്ടുള്ള കരയിടിച്ചിൽ തടയുന്നതിന് പതിനൊന്നാം ധനകാര്യ കമ്മീഷൻ 50 കോടി രൂപ 2000–2005 കാലയളവിലേയ്ക്കായി അനുവദിച്ചിട്ടുണ്ട്.

145 (2545) <u>വെള്ളക്കരം</u>

വിവിധ തരം ഉപഭോക്താക്കളിൽ നിന്നും 18682 ലക്ഷം രൂപ (31–12–2001–ലെ കണക്ക് പ്രകാരം) വാട്ടർ ചാർജ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്.

146 (2583) <u>എക്കോ ടൂറിസം വികസന പദ്ധതി</u>

സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന തെന്മല എക്കോ ടൂറിസം പദ്ധതിക്കു പുറമേ പൈലറ്റ് പദ്ധതികൾ എന്ന നിലയിൽ അഗസ്ത്യാർ വനം ബയോളജിക്കൽ പാർക്ക്, കോന്നി, തട്ടേക്കാട് പക്ഷി സങ്കേതം, മംഗള വനം (കൊച്ചി), നെല്ലിയാംപതി, പറമ്പിക്കുളം, സൈലന്റ് വാലി, നിലമ്പൂർ, മുത്തങ്ങ, ആറളം എന്നീ സ്ഥലങ്ങളിൽ പുതുതായി ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ കോന്നി എക്കോ ടൂറിസത്തിന്റെ പ്രോജക്ട് പ്രൊഫൈൽ തയ്യാറാക്കി കഴിഞ്ഞു. മറ്റു സ്ഥലങ്ങളിൽ വനം വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

147 (2620) <u>ആദിവാസികൾക്ക് പതിച്ചുനൽകിയ ഭൂമി</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 1258.22 ഏക്കർ ഭൂമി ആദിവാസികൾക്ക് പതിച്ചു നൽകുകയുണ്ടായി.

------